"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗര ഗ്രാമാസൂത്രണ വകുപ്പ് - പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ KL-03 E4375 നമ്പർ മഹീന്ദ്ര ജീപ്പ് കണ്ടം ചെയ്യുന്നതിനും ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.649/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 03/03/2021

പരാമർശം:- 1. 07/03/2020 തീയതിയിലെ സ.ഉ(പി) നം.24/2020/ധന.

2. 19/08/2020 തീയതിയിലെ സ.ഉ(പി) നം.113/2020/ധന

3. മുഖ്യ നഗരാസൂത്രകന്റെ 16.11.2019 , 18.06.2020 തീയതികളിലെ TCPCTP/1920/2019-S3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ KL-03 E4375 നമ്പർ മഹീന്ദ്ര ജീപ്പ് 20 വർഷം പഴക്കമുള്ളതാണെന്നും വാഹനത്തിന്റെ നിലവിലെ അറ്റകുറ്റപണിയ്ക്ക് 1,03,000 രൂപ ആവശ്യമാണെന്നും ആയത് സർക്കാരിന് ലാഭകരമല്ലെന്നും പൊതു മരാമത്ത് വകുപ്പ് മെക്കാനിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി വാഹനം കണ്ടം ചെയ്യുന്നതിനും ആയതിന് പകരം പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 3 പ്രകാരം അവശ്യപ്പെട്ടിരുന്നു..

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ KL-03 E 4375 നമ്പർ മഹീന്ദ്ര ജീപ്പിന്റെ അറ്റകുറ്റപണി സർക്കാരിന് ലാഭകരമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ ടി വാഹനം കണ്ടം ചെയ്യുന്നതിനും, അതിനുശേഷം പരാമർശം 1 ,2 എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് അനുസൃതമായി EESL(Energy Efficiency Services Ltd.) എന്ന സ്ഥാപനത്തിൽ നിന്നും ANERT(Agency for Non Conventional Energy and Rural Technology) മുഖേന ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും മുഖ്യ നഗരാസൂത്രകന് അനുമതി നൽകി ഉത്തരവാകുന്നു.

Validity unknown
Digitally signed by JOHN V SAMUEL
Date: 2021.03.03 13:17:50 IST
Reason: Approved

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജോൺ വി സാമുവൽ ഐ എ എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

<u>പകർപ്പ്</u>

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ്, കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(ഇയു4/241/2019-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ